(ബി) ഏതെല്ലാം പ്രദേശങ്ങളിലേക്ക് വിദ്യുച്ഛക്തി ആവശ്യപ്പെട്ട കൊണ്ട് ബോർഡിനു് അപേക്ഷകരം കിട്ടിയിട്ടുണ്ടു്;

(സി) ഈ സ്ഥലങ്ങളിലേക്കെല്ലാം വിദ്യുച്ഛക്തി നൽകുന്നതു് എന്തു മാനദണ്ഡം അനുസരിച്ചാണു് ;

(ഡി) കാർപ്പറേഷൻ ആവശ്യപ്പെട്ട സ്ഥലങ്ങളിലെല്ലാം തന്നെ വിദ്യുച്ഛക്തി നൽകിക്കഴിഞ്ഞുവോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) കോഴിക്കോടുള്ള വിദ്യുച്ഛക്തി വിതരണം ഇലക്ട്രിസിറ്റി ബോർഡു് ഏറ്റെടുത്തതു് 1–8–63-ലാണു്. അതിനു ശേഷം പുതുതായി ഒരു പ്രദേശത്തേക്കും വിദ്യുച്ഛക്തി വ്യാപിപ്പിച്ചിട്ടില്ല.

(ബി) ഇതു സംബന്ധിച്ചു കിട്ടിയിട്ടുള്ള അപേക്ഷകളിൽ കാണിച്ചിട്ടുള്ള സ്ഥലങ്ങളുടെ ഒരു ലിസ്റ്റു് മേശപ്പുറത്തു വച്ചിട്ടുണ്ടു്. †

(സി) അപേക്ഷകരം ലഭിക്കുന്ന മുറയനുസരിച്ചു് വേണ്ട അന്വേഷണം നടത്തുന്നതും അതനുസരിച്ചു് ഏറ്റെടുക്കുവാൻ സാദ്ധ്യതയുണ്ടെന്നു തെളിയുന്ന ജോലികരം അനുവദിക്കുകയും സാധനസാമഗ്രികളുടെ ലഭ്യതയനുസരിച്ചു് അവ ഏറ്റെടുക്കുകയും ചെയ്യുക എന്നതാണു് നടപടി.

(ഡി) കാർപ്പറേഷൻ പ്രത്യേകം സ്ഥലങ്ങളുടെ പേരു് നിർദ്ദേശിച്ചിട്ടില്ല. വൈദ്യുതീകരണം നടത്തേണ്ട സ്ഥലങ്ങളുടെ പേരുകരം കാർപ്പറേഷൻ നിർദ്ദേശിക്കുന്ന മുറക്കു് പരിഗണിക്കുന്നതാണു്.

ശ്രീ. പി. സി. രാഘവൻനായർ : കോഴിക്കോടിന്റെ പരിസരങ്ങളിൽ 28 ലൈനുകളിൽ വിദ്യുച്ഛക്തി വ്യാപിപ്പിക്കാൻ വേണ്ടിയിട്ടു് അപേക്ഷകരം ലഭിച്ചിട്ടുണ്ടെന്നു കാണുന്നുണ്ടു്. എന്നാൽ ഒരൊറ്റ ലൈൻ പോലും ഇതുവരെ തുടങ്ങിയിട്ടില്ലെന്നു പറയുന്നു. പ്രാരംഭസവ്വേ വല്ല ലൈനുകളിലും നടത്തിയിട്ടുണ്ടോ ;

ശ്രീ. ആർ. ശങ്കർ : ഈ ലൈനുകളെപ്പറ്റി ഇപ്പോരം പ്രാരംഭ സവ്വേ നടത്തിക്കൊണ്ടിരിക്കുകയാണു്.

പാക്കേജു് പദ്ധതി.

898. [12] ശ്രീ. പി. സി. ബാലകൃഷ്ണൻനമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങരം ഭക്ഷ്യവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാക്കേജു് പദ്ധതിപ്രകാരം നമ്മുടെ സ്റ്റേറ്റിൽ ഭക്ഷ്യ ഉല്പാദനം വർദ്ധന തിട്ടപ്പെടുത്തുന്ന വിവരങ്ങരം അറിയിക്കാമോ ;

(ബി) ഭക്ഷ്യോൽപ്പാദനം എത്ര വർദ്ധിച്ചു;

(സി) പദ്ധതി എവിടെയെല്ലാം കൂടുതൽ വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസ്) :

(എ) പാലക്കാടു്, ആലപ്പുഴ ജില്ലകളിൽ ജോയിന്റു് ഡയറക്ടർമാരുടെ ആഫീസുകളിൽ സ്റ്റാറ്റിസ്റ്റിക്കു് വിഭാഗത്തിൻകീഴിൽ ''ബഞ്ചുമാർക്കു് ആൻറു് അസസ്മെൻറു് സവ്വെ'' പരീക്ഷണങ്ങരം നടത്തുന്നു. അതിൻപ്രകാരം ക്രോപ്പു്കട്ടിംഗു് പരീക്ഷണം നടത്തിയാണു് ഉൽപ്പാദനവർദ്ധനവു് തിട്ടപ്പെടുത്തുന്നതു്.

(ബി) 1962–63–ൽ ആലപ്പുഴ ജില്ലയിൽ 10 ശതമാനവും പാലക്കാട്ടു ജില്ലയിൽ 24 ശതമാനവും (ശരാശരി) ഉൽപ്പാദനം വർദ്ധിച്ചിട്ടുണ്ടു്.

(സി) ആലപ്പുഴ ജില്ലയിലും പാലക്കാട്ടുജില്ലയിലും മാത്രമേ ഈ പദ്ധതി നടപ്പാക്കുന്നുള്ളു. ഈ രണ്ടു ജില്ലകളിലുള്ള എല്ലാ ബ്ലോക്കുകളിലും ഈ പദ്ധതി നടപ്പിലാക്കും.

† Appendix III.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ബാലകൃഷ്ണൻനമ്പ്യാർ : പാക്കേജ് പദ്ധതിയും അതു പോലുള്ള കൃഷിവികസനപദ്ധതികളും വയനാട്ടിൽ വ്യാപിപ്പിക്കുന്നതിനെ സംബന്ധിച്ച് കളക്ടറുടെ നിർദ്ദേശം അനുകൂലമല്ലെന്ന സൂചിപ്പിച്ചിട്ടുണ്ട്. മലബാറിൽ വയനാട് ഏറ്റവും പിന്നോക്ക പ്രദേശമായതുകൊണ്ട് ഇത്തരം പദ്ധതികളും വയനാട്ടിൽ വ്യാപിപ്പിക്കാനുള്ള നടപടികളും സ്വീകരിക്കുമോ?

ശ്രീ. ഇ. പി. പൗലോസ് : ഇതിൽ കളക്ടറുടെ നിർദ്ദേശം കിട്ടിയിട്ടുണ്ട്. വയനാട് സ്റ്റെഡി ഇറിഗേഷനുള്ള സൗകര്യമില്ലാത്ത സ്ഥലമാണ്. കഴിയുന്നിടത്തോളം നാച്ചറൽ ഫെസിലിറ്റീസുള്ള സ്ഥലങ്ങളിലാണ് ഈ പദ്ധതി നടത്താൻ ഉദ്ദേശിക്കുന്നത്. അതുകൊണ്ട് മറ്റൊരു പ്രദേശം തെരഞ്ഞെടുക്കാൻ കളക്ടർ നിർദ്ദേശിച്ചു എന്നേയുള്ളൂ.

ലോക്കപ്പുമർദ്ദനത്തെപ്പറ്റി പരാതി

* 899. (13) ശ്രീ. കെ. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963-ൽ ലോക്കപ്പ് മർദ്ദനങ്ങളെപ്പറ്റി എത്ര പരാതികളാണ് ഗവണ്മെന്റിലേക്ക് ലഭിച്ചിട്ടുണ്ട് ;

(ബി) ഇതിൽ എത്രയെണ്ണത്തെപ്പറ്റി അന്വേഷണം നടത്തി;

(സി) കുളത്തുപ്പുഴ സബ് ഇൻസ്പെക്ടർ ആര്യങ്കാവുവില്ലേജിൽനിന്നും സുകുമാരപിള്ളയേയും മറ്റും പിടിച്ച് ലോക്കപ്പിൽവച്ച് മർദ്ദിച്ചതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) ഇതിനെപ്പറ്റി ആരാണ് അന്വേഷണം നടത്തിയത്;

(ഇ) അന്വേഷണഫലം എന്താണ് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) എട്ട് (8)

(ബി) എട്ട് (8)

(സി) ഉണ്ട്.

(ഡി,ഇ) പുനലൂർ, സക്കീം ഇൻസ്പെക്ടരുടെ പ്രാരംഭാന്വേഷണത്തിൽ ലോക്കപ്പ് മർദ്ദനം നടന്നതായി തെളിഞ്ഞിട്ടില്ല. പരാതിയെപ്പറ്റി അട്ടൂർ എ. എസ്. പി. കൂടുതൽ അന്വേഷണം നടത്തിവരികയാണ്.

ഉദ്യോഗകാര്യത്തിലുള്ള പുനരാലോചന

* 900. [14] ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്ട് ഡിസ്ട്രിക്ടിൽനിന്നും നിയമനം നിഷേധിക്കപ്പെട്ട സി. കെ. ഗംഗാധരന്റെ ഉദ്യോഗനിയമനക്കാര്യം പുനരാലോചന ചെയ്യുന്നുണ്ടോ;

(ബി) പുനരാലോചനയ്ക്കുവേണ്ടി എത്ര പേരിൽനിന്നും 1964 ജനുവരി 31-ാംതീയതി വരെ നിവേദനം കിട്ടിയിട്ടുണ്ട്;

(സി) എത്രപേരുടെ പേരിലുള്ള റിപ്പോർട്ട് മാറ്റം ചെയ്തിട്ടുണ്ട്;

(ഡി) എത്ര നിവേദനം നിഷേധിച്ചിട്ടുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) കോഴിക്കോട് ജില്ലാക്കാരനായ സി. കെ. ഗംഗാധരൻ എന്നൊരാൾക്ക് നിയമനം നിഷേധിക്കപ്പെട്ടതായി ഗവണ്മെന്റിനറിവില്ല.

(ബി) 127 (നൂറ്റിഇരുപത്തിയേഴ്)

LIBRARY ARCHIVES Kerala Legislative Assembly